# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.429 9/02/2016-ൽ മറുപടിക്ക്

## സംസ്ഥാന വൈദ്യുതി ബോർഡ് വാങ്ങിയ മീറ്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>,, വി.എസ്.സുനിൽ കുമാർ<br>,, കെ.രാജു<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന വൈദ്യുതി ബോർഡിനു വേണ്ടി വാങ്ങുന്ന മീറ്ററുകളെ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; ഉണ്ടെങ്കിൽ ഗുണ പരിശോധനയ്ക്കുള്ള എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. പർച്ചേസ് ഓർഡറിലെ ഡെലിവറി ഷെഡ്യൂൾ പ്രകാരം കമ്പനികൾ ഓഫർ ചെയ്യുന്ന മീറ്ററുകൾ അവിടെ നിന്നും കയറ്റി വിടുന്നതിനുമുമ്പ് അവരുടെ തന്നെ ഫാക്ടറികളിൽ വെച്ച് ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പ്രകാരം ഒരു പ്രി-ഡെസ്പാച്ച് ഇൻസ്പെക്ഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ് നിയോഗിക്കുന്ന ഒരു എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നുണ്ട്. ഈ പരിശോധനയിൽ ഗുണമേന്മ ഉറപ്പു വരുത്തുന്ന മീറ്ററുകൾ മാത്രമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിർദ്ദേശ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ടി.എം.ആർ ഡിവിഷനുകളിൽ എത്തിക്കുന്നത്. ഇതു കൂടാതെ ടി.എം.ആറുകളിൽ എത്തുന്ന മീറ്ററുകളെ ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പ്രകാരം ഒരു അഡീഷണൽ ആക്സെപ്റ്റൻസ് ടെസ്റ്റിനും വിധേയമാക്കുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ടി.എം.ആർ ഡിവിഷനിലെ എഞ്ചിനിയർമാരാണ് ഈ പരിശോധന നടത്തുന്നത്. ഇതിൽ ഗുണനിലവാരം കുറഞ്ഞ മീറ്ററുകൾ തള്ളപ്പെടുന്നു. ഗുണമേന്മ തെളിയിക്കപ്പെട്ട മീറ്ററുകൾ മാത്രമാണ് ഫീൽഡിലേയ്ക്ക് നൽകുന്നത്. |

(......2)

**(ബി)യും (സി)യും (ഡി)യും.**

(ബി) ബോർഡ് വാങ്ങിയ മീറ്ററുകൾ ഗുണമേന്മ യില്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ; ഇതുമൂലം ബോർഡിന് നഷ്ടമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൈദ്യുതി ഉപഭോക്താക്കൾക്ക് ഇത്തരം വൈദ്യുതി മീറ്ററുകൾ നല്കിയവ മാറ്റി സ്ഥാപിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) നിലവിൽ ഗുണമേന്മയില്ലാത്ത വൈദ്യുതി മീറ്ററുകൾ ബോർഡിന്റെ കൈവശമുണ്ടോ; വ്യക്തമാക്കുമോ?

വൈദ്യുതി ഉപഭോക്താക്കളുടെ Premisesൽ സ്ഥാപിച്ച വൈദ്യുതി മീറ്ററുകൾ കേടായതായി ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് അത്തരം മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നു. ഗ്യാരണ്ടി പീരിയഡിലുള്ള കേടായ മീറ്ററുകൾ ടി.എം.ആർ ഡിവിഷൻ വഴി കമ്പനികൾക്ക് നല്കി കമ്പനിയുടെ ചെലവിൽ തന്നെ മാറ്റി വാങ്ങിക്കുന്നതിനായി പർച്ചേസ് ഓർഡറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ